LIBRARY ARCHIVES Kerala Legislative Assembly

ടോട്ടൽ ഫിസിക്കൽ ഫിറ്റ്നസ്സ് പ്രോഗ്രാം

300 (3934) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ടോട്ടൽ ഫിസിക്കൽ ഫിറ്റ്നസ് പ്രോഗ്രാം ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രാവർത്തികമാക്കിയത്; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പദ്ധതിയുടെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ ;

(സി) പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് 'ടോട്ടൽ ഫിസിക്കൽ ഫിറ്റ്നസ്സ് പ്രോഗ്രാം.

(ബി&സി) പദ്ധതിയുടെ ഭാഗമായി നടത്തിയ കായികക്ഷമത പരിശോധനയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കുട്ടികളിൽ കായികക്ഷമതാ നിലവാരം മുൻവർഷങ്ങളെ അപേക്ഷിച്ച് കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്. പദ്ധതി അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. പരിശോധന നടത്തുന്നതുമായി സഹകരിക്കുന്നതിൽ സ്കൂൾ അധികൃതരുടെ താൽപ്പര്യക്കുറവ്.
2. മേൽ പറഞ്ഞ കാരണത്താൽ എല്ലാ സ്കൂളുകളിലും തുടർച്ചയായി പരിശോധന നടത്താനാകുന്നില്ല.
3. ഒന്നാം ഘട്ട പരിശോധന നടത്തുന്നതിലും, ഫലം അപ്ലോഡ് ചെയ്യുന്നതിലുമുള്ള വീഴ്ചകൾ.

2013-14 വർഷം പദ്ധതിയുടെ പ്രവർത്തനം നടക്കുകയുണ്ടായില്ല. മേൽപറഞ്ഞ കാര്യങ്ങൾ പരിഹരിച്ചുകൊണ്ട് 2014-15 വർഷം കൂടുതൽ സ്കൂളുകളിൽ പരിശോധന കൃത്യമായും, സമയബന്ധിതമായും നടത്തി ശരിയായ വിവരശേഖരണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ കായികക്ഷമത കുറയുന്നതിന് കായിക വിനോദങ്ങളിൽ ഏർപ്പെടാത്തതും കായിക വിദ്യാഭ്യാസം ലഭിക്കാത്തതും കാരണമാകയാൽ യു.പി. തലം മുതൽ ഹയർസെക്കന്ററിതലംവരെ സ്കൂളുകളിൽ ആവശ്യമായ കായിക പരിശീലനം നൽകേണ്ടതുണ്ട്.

ദേശീയ ഗെയിംസ്

301 (3935) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര രൂപ ചെലവഴിച്ചു എന്ന് വിശദമാക്കാമോ ;

(ബി) ഗെയിംസിന്റെ ഭാഗമായി നാഷണൽ മീഡിയാ സെന്റർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് എവിടെയാണെന്നും ഇതിനുവേണ്ടി എത്ര രൂപ ചെലവുവരുമെന്നും വ്യക്തമാക്കുമോ ;

(സി) മീഡിയാ സെന്റർ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ഒളിംപ്യാ ഹാളിൽ നിർമ്മിക്കാൻ എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) തിരുവനന്തപുരം പ്രസ്സ് ക്ലബ്ബിന്റെ റൂഫ് ടോപ്പ് പൂട്ടുക്കി പണിയുന്നതിനും ലിഫ്റ്റ് സ്ഥാപിക്കുന്നതിനും ദേശീയ ഗെയിംസിന്റെ ഫണ്ടിൽ നിന്നും എന്തെങ്കിലും തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി ഭൗതിക സാഹചര്യ വികസനത്തിന് 138,80,34,312 രൂപയും ഇതൊഴികെയുള്ള പ്രവർത്തനങ്ങൾക്കായി 7,49,05,762 രൂപയും ഉൾപ്പെടെ ആകെ 146,29,40,074 രൂപ 30-11-2014 വരെ ചെലവഴിച്ചിട്ടുണ്ട്.

(ബി) ദേശീയ ഗെയിംസിന്റെ ഭാഗമായി, തിരുവനന്തപുരം പ്രസ് ക്ലബ്ബിലാണ് സ്റ്റേറ്റ് മീഡിയാ സെന്റർ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. 63 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഇതിനായി അംഗീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly